**സബ്മിഷൻ**

**ഐ.റ്റി. പാർക്കും എയിംസും ആരംഭിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. ജി. സുധാകരൻ: സർ, പ്രസിദ്ധമായ പുറക്കാട് പഞ്ചായത്തിലെ ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 33 ഏക്കർ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് കേരളസർക്കാർ വിഞ്ജാപനം പുറപ്പെടുവിച്ചിരുന്നു. ഈ പ്രത്യേക സാമ്പത്തിക മേഖലയിൽപ്പെടുന്ന 8 ഏക്കർ സ്ഥലം ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഐ.റ്റി. മന്ദിരം നിർമ്മിക്കുന്നതിന് അനുയോജ്യമാക്കുകയും അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അതിന് തറക്കല്ലിടുകയും ചെയ്തിരുന്നു. ഈ പ്രദേശത്ത് ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കാനുള്ള എല്ലാ നടപടികളും പൂർത്തിയായി വരുമ്പോഴാണ് ബയോ ഡൈവേഴ്സിറ്റി ബോർഡ് ചില പാരിസ്ഥിതിക പ്രശ്നങ്ങളുന്നയിച്ചത്. അതിന്റെ ഫലമായി ഗവൺമെന്റ് ഐ.റ്റി. പാർക്ക് പുറക്കാട് വില്ലേജിലെ തോട്ടപ്പള്ളിയിലേക്ക് മാറ്റിസ്ഥാപിക്കാൻ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ തോട്ടപ്പള്ളിയിൽ ഈ സ്ഥലം ഏറ്റെടുക്കുന്നതിനായി യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ബയോ ഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ചിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് ഗാന്ധിസ്മൃതിവനം പദ്ധതിയിലുൾപ്പെടുന്ന 100 ഏക്കർ സ്ഥലത്തുതന്നെ ഐ.റ്റി. പാർക്ക് സ്ഥാപിയ്ക്കാൻ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്)

സ്ഥാപിക്കാൻ അനുയോജ്യമായ ഭൗതിക സാഹചര്യങ്ങളോടുകൂടിയ സ്ഥലവും ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിൽ ലഭ്യമാണ്. അതുകൊണ്ട് അതും അങ്ങ് പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ സംസ്ഥാനത്തും ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിനുള്ള നയപരമായ ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തതായി കേന്ദ്ര ആരോഗ്യവകുപ്പമന്ത്രി അറിയിച്ചിട്ടുണ്ട്. അതിന് അവർ ചില മാനദണ്ഡങ്ങൾ വച്ചു. അതായത് 200 ഏക്കർ സ്ഥലത്ത് റോഡ്, വെള്ളം, വൈദ്യുതി ഇവ മൂന്നും ലഭ്യമാക്കിക്കൊണ്ട് കിട്ടണം. അത് വേറൊരു സ്ഥാപനവുമായിട്ട് ബന്ധപ്പെട്ടതാകാൻ പറ്റില്ല. അവരുടേതായ ഒരു ഡിസൈനും, പാറ്റേണും പൂർണ്ണമായി പാലിക്കാൻവേണ്ടിയാണിത്. മൂന്നോ നാലോ സ്ഥലങ്ങൾ അതുസംബന്ധിച്ച് നിർദ്ദേശിക്കാനാണ് പറഞ്ഞിരിക്കുന്നത്. നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുള്ളതിൽ മൂന്നോ നാലോ സ്ഥലങ്ങൾ നിർദ്ദേശിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ അവകാശത്തോടുകൂടി സ്ഥലം ഗവൺമെന്റിന് കിട്ടുകയെന്നുള്ളതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം. ഏതായാലും അതുൾപ്പെടെ പരിഗണിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കാര്യവും ആ ലിസ്റ്റിൽപ്പെടുത്തും. പക്ഷെ, കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും ഇതുപോലുള്ള ആവശ്യങ്ങൾ വന്നിട്ടുണ്ട്. എവിടെ വേണമെന്ന് അവസാനം തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണെന്നാണ് കത്തിൽ അറിയിച്ചിരിക്കുന്നത്. ഏതായാലും സ്ഥലങ്ങൾ നിർദ്ദേശിക്കുന്ന അവസരത്തിൽ ഇതുകൂടി പരിശോധിക്കും.

<u>തൊഴിൽ-വിദ്യാഭ്യാസ സംവരണാനുകൂല്യം</u>

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, കേരളത്തിലെ സാമൂഹ്യചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും നിരവധി പ്രഗത്ഭമതികളെ സംഭാവന ചെയ്യുകയും ചെയ്ത ഒരു സാമൂഹ്യ വിഭാഗമാണ് തമിഴ് വേരുള്ള വെള്ളാള സമുദായം. 1964-ലെ കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുൻപ് പിന്നോക്ക വിഭാഗമായി പരിഗണിക്കപ്പെട്ട് സംവരണത്തിന് അർഹതയുള്ളവരായിരുന്നു വെള്ളാള സമുദായം. എന്നാൽ സാങ്കേതിക കാരണങ്ങളുടെ പേരിൽ അന്ന് നഷ്ടപ്പെട്ട ഉദ്യോഗ-വിദ്യാഭ്യാസ രംഗങ്ങളിലെ സംവരണം വെള്ളാള സമുദായത്തിന് ഇതുവരെയും പുന:സ്ഥാപിക്കപ്പെട്ട് കിട്ടിയിട്ടില്ല. ഭാഷയിലും, സംസ്കാരത്തിലും തനതായ വ്യക്തിത്വം പുലർത്തുന്ന ഈ സമുദായത്തിലെ ഗണ്യമായ വിഭാഗം ഇന്ന് സാമൂഹികമായും സാമ്പത്തികമായും വളരെയധികം പിന്നോക്കാവസ്ഥയിലാണ്. അതിനാൽ ഈ സമുദായത്തിന്റെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥയെപ്പറ്റി വിശദമായ ഒരു പഠനം നടത്തി അവർക്ക് അർഹമായ സംവരണ-വിദ്യാഭ്യാസാനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് നൽകേണ്ടിയിരിക്കുന്നു. വെള്ളാള സമുദായാംഗവും കേരള രാഷ്ട്രീയ ഭരണരംഗങ്ങളിൽ സമുന്നത വ്യക്തിത്വവുമായിരുന്ന ശ്രീ. പി. എസ്. നടരാജപിള്ളയുടെ സ്മാരക ഫൗണ്ടേഷന് സർക്കാർ നേരത്തെ അനുവദിച്ച 5 സെന്റ് സ്ഥലം എത്രയും വേഗം നിർണ്ണയിച്ച് അലോട്ട് ചെയ്ത് നൽകേണ്ടതാണ്. ശ്രീ. പി.

എസ്. നടരാജപിള്ള എന്റെ നിയോജകമണ്ഡലത്തിലെ പേരൂർക്കടയിലാണ് ജനിച്ചതും താമസിച്ചതും. അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവും, തിരു-കൊച്ചി ധനകാര്യമന്ത്രിയും, തിരുവനന്തപുരം എം.പി. യുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മഹാനായ ശ്രീ. സുന്ദരൻപിള്ളയുടെ പേരിൽ തിരുനൽവേലിയിൽ മനോന്മണിയം സുന്ദനാർ എന്ന പേരിൽ ഒരു സർവ്വകലാശാല തന്നെയുണ്ട്. എന്നാൽ സ്വന്തം സമ്പത്തും ജീവിതവും നാടിന് സമർപ്പിച്ച ഈ മഹാത്മാക്കൾ ഇന്ന് നമ്മുടെ നാട്ടിൽ വേണ്ടവിധം അറിയപ്പെടുന്നില്ല. ശ്രീ. പി. എസ്. നടരാജപിള്ളയുടെ പേരിൽ പേരൂർക്കടയിൽ ഒരു സർക്കാർ ഹൈസ്കൂളുണ്ട്. അവഗണിക്കപ്പെട്ട് കിടന്ന സ്കൂളിൽ എന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കുറെ വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ശ്രീ. പി. എസ്. നടരാജപിള്ള സ്മാരക ഫൗണ്ടേഷൻ ഈ മേഖലയിൽ വളരെയധികം പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സാമൂഹിക-സാമുദായിക സംഘടനയാണ്. അവർക്ക് 5 സെന്റ് സ്ഥലം അനുവദിച്ചുകൊണ്ട് നേരത്തെ ഉത്തരവായെങ്കിലും ഇതുവരെ നടപ്പാക്കിയി ട്ടില്ല. അത് അടിയന്തരമായി നടപ്പാക്കണം. അതോടൊപ്പം തന്നെ കേരള ത്തിലെ 2 ദശലക്ഷത്തിലധികം വരുന്ന വെള്ളാള സമുദായങ്ങളുടെ സാമൂഹി കവും, വിദ്യാഭ്യാസപരവുമായ ഉന്നതിക്കായി സംവരണം ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സർക്കാർ നടപ്പിലാക്കണമെന്നും സമുദായംഗമായ ശ്രീ. പി. എസ്. നടരാജപിള്ള സ്മാരക ഫൗണ്ടേഷന് സർക്കാർ അനുവദിച്ച 5 സെന്റ് സ്ഥലം എത്രയും പെട്ടെന്ന് നിർണ്ണയിച്ച് അവർക്ക് നൽകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട കെ. മുരളീധരൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ഒരു സമുദായത്തെ ഉദ്യോഗ സംവരണത്തിനുള്ള ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ സംബന്ധിച്ച് വിശദമായ പഠനം നടത്തിയതിനുശേഷം പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്ക് സർക്കാർ പൊതുമേഖലയിൽ ജനസംഖ്യാനുപാതികമായി മതിയായ പ്രാതിനിധ്യമില്ലെന്ന് കണ്ടെത്തിയാൽ മാത്രമേ ആ സമുദായം സംവരണത്തിന് അർഹരാകുന്നുള്ളൂ എന്നാണ് ഇന്ന് നിലവിലുള്ള വ്യവസ്ഥ. വെള്ളാള സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കിർത്താഡ്സ് -നെ ഏൽപ്പിച്ചിട്ടുണ്ട്. സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നൽകുന്ന റിപ്പോർട്ടിന്റെയടിസ്ഥാനത്തിലും കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ അന്തിമ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലും വെള്ളാള സമുദായം ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടാൻ അർഹരാണെന്ന് തെളിയുകയാണെങ്കിൽ പ്രസ്തുത സമുദായത്തെ ഒ.ബി.സി.-എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഗവൺമെന്റിന് സാധിക്കും. ഈ റിപ്പോർട്ടിനുവേണ്ടി ഗവൺമെന്റ് കാത്തിരിക്കുകയാണ്. ഇത് ഉദ്യോഗ സംവരണത്തിനുവേണ്ടിയാണ്. പക്ഷേ വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിന് സംസ്ഥാനത്തിന് ചില സ്വാതന്ത്ര്യമുണ്ട്. വിദ്യാഭ്യാസാനുകൂല്യം ഇവർക്ക് നൽകുന്ന കാര്യം പ്രത്യേകം പരിശോധിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട മെമ്പറേയും ഈ സഭയേയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പി. എസ്. നടരാജപിള്ള പൊതു രംഗത്തും രാഷ്ട്രീയ-ഭരണ രംഗത്തുമെല്ലാം നിർണ്ണായകമായ പങ്കുവഹിച്ച ഒരു നേതാവാണ്. അദ്ദേഹ

ത്തിന്റെ സ്മാരകം നിർമ്മിക്കുന്നതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുസംബന്ധിച്ചുള്ള റിപ്പോർട്ട് കിട്ടിയാലുടൻ തീരുമാനമെടുക്കുന്നതാണ്.

## പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. ബി. സത്യൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുന്നൊരു വിഷയമാണിത്. അങ്ങ് കെ.പി. സി.സി അദ്ധ്യക്ഷനായി കേരളയാത്ര നടത്തിയ സന്ദർഭത്തിലും ഒന്നുരണ്ട് സ്വകാര്യ പരിപാടികളിൽ കിളിമാനൂർ-നഗരൂർ ഭാഗത്തുവന്ന സമയത്തും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണ്. അന്ന് സർവ്വ കക്ഷി യിൽപെട്ടവരുടെയും ഒരു നിവേദനം അങ്ങേയ്ക്ക് സമർപ്പിക്കുകയുണ്ടായി. താല്പര്യമെടുക്കാമെന്ന് അങ്ങ് പറഞ്ഞിരുന്നു. ആറ്റിങ്ങൽ നിയോജക മണ്ഡ ലത്തിൽ വരുന്ന നഗരൂർ എന്ന പ്രദേശം കൃഷിക്കാരും പ്രത്യേകിച്ച് പട്ടിക ജാതി വിഭാഗത്തിൽപെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവരും അധിവസി ക്കുന്ന ഒരു പ്രദേശമാണെന്നതിലുപരി വിദേശത്ത് പണിയെടുക്കുന്നവരുടെ കുടുംബാംഗങ്ങളുള്ള ഒരു പ്രദേശവുമാണ്. നാല് സർക്കിളുകളുടെ മധ്യഭാ ഗത്തു വരുന്ന നഗരൂർ ഗ്രാമപഞ്ചായത്ത് 36000-ത്തോളം ജനസംഖ്യ വരുന്ന വളരെ വിപുലമായ ഗ്രാമപ്രദേശമാണ്. ആറ്റിങ്ങൽ, വർക്കല, കിളിമാനൂർ, വെഞ്ഞാറമൂട് എന്നീ നാല് സർക്കിളിനുള്ളിൽ നാല് സബ്-ഇൻസ്പെക്ടർമാ രുടെ കീഴിൽ വരുന്ന ഒരു ഭാഗമാണിത്. അതുകൊണ്ട് പെട്ടെന്നുണ്ടാകുന്ന സംഭവങ്ങൾക്ക് ക്രമസമാധാന പരിപാലന മേഖലയിലോടിയെത്താൻ നിയമ പാലകർക്ക് പലപ്പോഴും സാധിക്കുന്നില്ല. നാല് പോലീസ് സ്റ്റേഷൻ പരിധിയി

ലായിവരുന്ന പ്രദേശമായതുകൊണ്ട് പ്രത്യേകിച്ച് ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിൽനിന്ന് പെട്ടെന്ന് സഹായം കിട്ടാൻ പ്രയാസമാണ്. അടുത്തകാലത്ത് ഞാൻ ആ പ്രദേശത്ത് നിൽക്കുമ്പോൾ അതിദാരുണമായൊരു കൊലപാതകമുണ്ടാവുകയും പെട്ടെന്നാർക്കും സഹായിക്കാൻ കഴിയാത്തൊരവസ്ഥയുമുണ്ടായി. ഇതെല്ലാം കണ്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനത്തിലുള്ളവരും അവിടെയുള്ള സർവ്വ കക്ഷിയിൽപ്പെട്ട ആളുകളും ഒരുമിച്ചുചേർന്ന് അങ്ങയോട് ഒരു നിവേദനസ്വഭാവത്തിൽ നേരത്തേ അഭ്യർത്ഥിച്ചിരുന്നു. അങ്ങ് മുൻകൈയെടുത്ത് ഈ സാമ്പത്തിക വർഷംതന്നെ അവിടെ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള അനുകൂല തീരുമാനമുണ്ടായാൽ ആ സഹായം പ്രയോജനപ്പെടുത്താൻ അവിടെയുള്ള സർവ്വ കക്ഷിയിൽപ്പെട്ടവരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നാട്ടുകാരും എല്ലാവിധ സഹായസഹകരണവും നൽകാൻ തയ്യാറാണ്. അതിന് അനുകൂലമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ശ്രീ. ബി. സത്യൻ ഇവിടെ ഉന്നയിച്ച കാര്യം വളരെക്കാലമായി സജീവമായ ചർച്ചയിലുള്ള വിഷയമാണ്. ആറ്റിങ്ങൽ, കിളിമാനൂർ, കല്ലമ്പലം എന്നീ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി വിഭജിച്ച് ആലംകോട്-കരവാരം വില്ലേജുകൾ ഭാഗികമായും നഗരൂർ-കൊടുവഴന്നൂർ-വെള്ളല്ലൂർ എന്നീ വില്ലേജുകൾ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് നഗരൂർ കേന്ദ്രമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള പ്രൊപ്പോസൽ 11-11-2013-ൽ സംസ്ഥാന പോലീസ് മേധാവി

സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്ന് സബ്-ഇൻസ്പെക്ടർ-1, അഡീഷണൽ സബ്-ഇൻസ്പെക്ടർ-2, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ-3, സീനിയർ സിവിൽ പോലീസ് ഓഫീസർ-10, സിവിൽ പോലീസ് ഓഫീസർ-25, വനിതാ പോലീസ് ഓഫീസർ-10, ഡ്രൈവർ സിവിൽ പോലീസ് ഓഫീസർ-1 എന്നിങ്ങനെ 52 തസ്തികകൾ പുതിയതായി സൃഷ്ടിക്കണമെന്നും അതിനായി ഒരു കോടിയിലധികം രൂപ ശമ്പള ചെലവിലും 12 ലക്ഷത്തോളം രൂപ അനാവർത്തക ചെലവിലും സർക്കാരിന് അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അധിക തസ്തിക അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം അടുത്ത സാമ്പത്തിക വർഷം പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 19-12-2013-ൽ സംസ്ഥാന പോലിസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക പരിമിതിയാണ് ഇതിന്റെ പ്രധാന പ്രശ്നം. വളരെ ന്യായമായ ആവശ്യമാണ് ശ്രീ. ബി. സത്യൻ സൂചിപ്പിച്ചത്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായവും ടെക്സ്റ്റൈൽ തൊഴിലാളികളും അനുഭവിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് ടെക്സ്റ്റൈൽ വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടേറിയറ്റിനുമുമ്പിൽ സത്യാഗ്രഹമനുഷ്ഠിക്കുന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടു

ത്തുകയാണ്. രണ്ട് പ്രധാനപ്പെട്ട ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. ടെക്സ്റ്റൈൽ **ഐ.ആർ.സി.** തീരുമാനങ്ങൾ നടപ്പിലാക്കുക, വില ജീവിത സൂചികാ പുനർനിർണ്ണയ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുക എന്നിവയാണവ. വളരെ ഗുരുതരമായ പ്രതിസന്ധിയാണ് സ്പിന്നിംഗ് മിൽ മേഖലയിലുള്ള തൊഴിലാളികളനുഭവിക്കുന്നത്. അവരുടെ ജീവിത പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. അത് മനസ്സിലാക്കി അവരുടെ ആനുകൂല്യങ്ങളും ജീവിത സുരക്ഷയും സംരക്ഷിക്കുന്നതിനുവേണ്ടി അടിയന്തരമായി സംസ്ഥാന ഗവൺമെന്റ് ഇടപെടണം. തമിഴ്നാട് ഗവൺമെന്റ് ഈ വിഷയത്തിൽ വളരെ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത്തരമൊരു സമീപനം സ്വീകരിക്കണമെന്നാണ് തൊഴിലാളി നേതാക്കൾ ആവശ്യപ്പെടുന്നത്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഈ വിഷയം പരിഹരിക്കണമെന്ന് അപേക്ഷിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) : സർ, ടെക്സ്റ്റൈൽ മേഖലയിൽ ഒരു ലോങ് ടെം എഗ്രിമെന്റ് നിലനിൽക്കുന്നുണ്ട്. 2015 ആഗസ്റ്റ് വരെയാണ് എഗ്രിമെന്റിന്റെ കാലാവധി. അത് നിലനിൽക്കുമ്പോൾ ഇടക്കാല വർദ്ധനവ് എന്നൊരാവശ്യം വന്നാൽ അത് നിയമാനുസൃതമല്ല. എങ്കിലും ഇന്നത്തെ ജീവിത സാഹചര്യത്തിൽ വന്നിട്ടുള്ള മാറ്റം കണക്കിലെടുത്തുകൊണ്ട് ടെക്സ്റ്റൈൽ **ഐ.ആർ.സി.** ഇതിന്റെ പ്രൊഡക്ടിവിറ്റിയുമായി ലിങ്ക് ചെയ്ത് 1600 രൂപയുടെ വർദ്ധനവ് കിട്ടുന്നതിനുള്ള തീരുമാനമെടുത്തു. പ്രൊഡക്ടിവിറ്റി വർദ്ധനവ് തീരുമാനിച്ചിടത്തൊക്കെ **ഐ.ആർ.സി.** തീരുമാനം നടപ്പിലായിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രൊഡക്ടിവിറ്റി വർദ്ധനവിൽ ധാരണയുണ്ടായിട്ടില്ല. അതുകൊണ്ട്

അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എത്രയും പെട്ടെന്ന് അക്കാര്യങ്ങൾക്ക് ധാരണയുണ്ടാക്കുമ്പോൾ **ഐ.ആർ.സി.** തീരുമാനമനുസരിച്ചുള്ള വർദ്ധനവ് നടപ്പിലാകും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഞാനും കൂടി ഇട പെട്ട് വേണമെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രൊഡക്റ്റിവിറ്റിയെ സംബന്ധിച്ച് ചർച്ച ചെയ്യാം. പക്ഷേ സമ്മർദ്ദത്തിന് വഴങ്ങി നിലവിലുള്ള ലോങ് ടേം എഗ്രിമെന്റിനെ മറികടന്ന് ഈ മേഖലയിൽ ഇടക്കാലാശ്വാസമെന്നുപറഞ്ഞ് പോയാൽ കേരളത്തിൽ അരാജകത്വമുണ്ടാകും. ലോങ് ടേം എഗ്രിമെന്റ് നിലനിൽക്കുമ്പോൾ അതിൽ മാറ്റം വരുത്താനാകില്ല. പ്രൊഡക്ടിവിറ്റിയുമായി ലിങ്ക് ചെയ്തുകൊണ്ടുള്ള വർദ്ധനവ് മാത്രമേ വരുത്താൻ സാധിക്കൂ. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡെക്സിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡെക്സിന്റെ പുതിയ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിന്റെ ലിങ്കിങ് ഫാക്ട് കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷം മാത്രമേ വർദ്ധനവിന്റെ തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. തമിഴ്നാട് മാതൃകാപരമായി പ്രവർത്തിക്കുന്നുവെന്ന് പറയുമ്പോഴും എനിക്ക് കിട്ടിയിട്ടുള്ള വിവരം തമിഴ്നാട്ടിനേക്കാൾ കൂടുതൽ കൂലി കേരളത്തിൽ നിലനിൽക്കുന്നുണ്ട് എന്നാണ്. പ്രൊഡക്ടിവിറ്റിയുടെ കാര്യത്തിൽ കേരളത്തിനേക്കാൾ കൂടുതൽ തമിഴ്നാട്ടിലാണ് കിട്ടുന്നതെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. ശരിയാണോയെന്ന് ഞാൻ പരിശോധിക്കാം. അതുകൊണ്ട് കേരളം അക്കാര്യത്തിൽ തമിഴ്നാട്ടിൽനിന്ന് പിന്നിലാണെന്നുള്ള വാദം ശരിയല്ല.

<u>പട്ടയം ലഭ്യമാക്കൽ</u>

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയ് കൂട്ടിക്കൽ വില്ലേജിലെ വഴിക്കടവ് മേഖലയിൽ 76 പേർക്ക് നാൽപ്പതുകൊല്ലമായി പട്ടയം ലഭ്യമാക്കാത്ത പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ട് മാസങ്ങൾ കഴിഞ്ഞു. ഇതുവരെയും പട്ടയം നൽകിയിട്ടില്ല. എന്താണ് കാരണമെന്ന് മനസ്സിലാകുന്നില്ല. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മുരുകൻമല ക്ഷേത്രവുമായി ബന്ധപ്പെട്ട് എസ്.എൻ.ഡി.പി. ക്ക് പട്ടയം നൽകുമെന്ന് പറഞ്ഞു. അതും നൽകിയിട്ടില്ല. അതിലും പ്രധാനപ്പെട്ട മറ്റൊരു കാര്യം എരുമേലി പഞ്ചായത്തിലേയും കോര്ത്തോട്-മുണ്ടക്കയം പഞ്ചായത്തിലുൾപ്പെട്ട കണമല, പമ്പാവാലി, ഏയ്ഞ്ചൽ വാലി മേഖലകളിൽ ഉൾപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടില്ല. 70 കൊല്ലമായി അവിടെ താമസിക്കുന്ന പാവപ്പെട്ട മനുഷ്യരാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം 1990-ൽ ജോയിന്റ് വേരിഫിക്കേഷനുശേഷം ഇത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതാണ്, പീരുമേട് താലൂക്കിലാണ് പ്രസ്തുത സ്ഥലം. ആ റിപ്പോർട്ട് കാണുന്നില്ലെന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും പട്ടയം കൊടുക്കാതിരിക്കുന്നത് എങ്ങനെയാണ്? ഇന്നലെ കഴക്കൂട്ടം എം.എൽ.എ. പറഞ്ഞതുപോലുള്ള കടുംകയ്ക്കൊന്നും ഞാനില്ല. പക്ഷേ ഇത് ഇനി അനുവദിക്കാൻ സാധിക്കുകയില്ല. ഇങ്ങനെ നീട്ടിക്കൊണ്ടു പോകാൻ സമ്മതിക്കില്ല. അതുകാണ്ട് പറയുകയാണ് ഈ പട്ടയങ്ങൾ ഉടൻ തന്നെ നൽകാൻ ഒരു തീരുമാനമുണ്ടാകണം. റവന്യൂ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും മാന്യമായ സമീപനം ഉടൻ ഉണ്ടാകണം, ഇതുവരെയും ഉണ്ടായിട്ടുണ്ട്. കാലതാമസം

ഒഴിവാക്കണം. രണ്ടുമാസത്തിനകം മുഴുവൻ പട്ടയവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എരുമേലി-മണിമല വില്ലേജുകളിലെയും ആനത്തറ, മുണ്ടക്കയം, കോര്ത്തോട് - തീക്കോയ് പഞ്ചായത്തുകളിലെ കർഷകർക്കും പട്ടയം നൽകുന്നത് സംബന്ധിച്ച് 23-01-2014-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേരുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 25-02-2014-ന് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടിയിട്ടുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ മീനച്ചൽ താലൂക്കിൽ തീക്കോയ് പൂഞ്ഞാർ നടുഭാഗം വില്ലേജുകളിലും വിവിധ സർവ്വേ നമ്പറുകളിലായി മിച്ച ഭൂമി, bought-in-land എന്നിവ കയ്യേറി താമസിക്കുന്ന 98 കുടുംബങ്ങൾക്ക് പരമാവധി ഒരു ഏക്കർ വീതം പതിച്ചുനൽകുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. പട്ടയം നൽകുന്ന കാര്യത്തിൽ അടിയന്തരമായ നടപടികൾ സ്വീകരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്. മറ്റു കടും കൈയൊന്നും ബഹുമാനപ്പെട്ട അംഗം സ്വീകരിക്കേണ്ട ആവശ്യമില്ല. പട്ടയം നൽകുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, 76 കുടുംബങ്ങൾക്കാണ് പട്ടയം നൽകാൻ തീരുമാനിച്ചിരുന്നത്. അത് എങ്ങനെ 98 ആയി? അനധികൃതമായി പട്ടയം നൽകുന്നത് പ്രശ്നമല്ലേ? ..... (ബഹളം)....

ശ്രീ. അടൂർ പ്രകാശ്: സർ, ജില്ലാ കളക്ടറുടെ റിപ്പോർട്ടാണ് ഇക്കാര്യത്തിൽ അടിസ്ഥാനമായിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അവിടെ ആരൊക്കെ താമസിക്കുന്നുണ്ട്, അവരുടെ കൈവശമുള്ള ഭൂമി ആരുടെയൊക്കെയാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് 98 എണ്ണമായി ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഞാൻ എഴുതി കൊണ്ടുവന്ന മറുപടിയല്ല എനിക്ക് കളക്ടർ നൽകിയ മറുപടിയനുസരിച്ച് 98 ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇ-വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ്

ശ്രീ. എം. പി. വിൻസെന്റ്: സർ, ഇലക്ട്രോണിക് മാലിന്യങ്ങൾ പരിസ്ഥിതിക്ക് വൻ വെല്ലുവിളിയാകുകയാണ്. ഇ-വേസ്റ്റ് സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ചില്ലറയല്ല. ഇലക്ട്രോണിക് മാലിന്യങ്ങൾ മണ്ണിൽ കലരുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി വയ്ക്കും. ഇതിൽ മെർക്കുറി, ലെഡ് തുടങ്ങിയവ മണ്ണിനും മനുഷ്യനും ഹാനികരമാണ്. ഇ-വേസ്റ്റുകൾ വിവിധ രാജ്യങ്ങളിൽ നിന്നും എത്തുന്നതാണ്. ഓരോ വർഷവും മൂന്നുലക്ഷം ടൺ ഇ-മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2015-ൽ കേരളത്തിൽ ഇ-വേസ്റ്റ് പത്ത് ലക്ഷം ടൺ എത്തുമെന്നാണ് കണക്ക്. വിദേശരാജ്യങ്ങളിൽ പൊതുവഴിയിൽ ഉപേക്ഷിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ റീസൈക്കിൾ ചെയ്ത് പുതിയ ഉല്പന്നങ്ങളാക്കി കയറ്റി അയയ്ക്കുന്നതായാണ് അറിയുന്നത്. ഇ-വേസ്റ്റ് സംസ്കരിക്കുന്നതിനായി കഞ്ചിക്കോട്ട് ഏർപ്പെടുത്തിയ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. 2011-ലെ ഇ-വേസ്റ്റ് (മാനേജുമെന്റ് & ഹാൻഡ്ലിംഗ്) റൂൾസ് അനുസരിച്ച് ഉല്പാദകർ തന്നെ ടേക്-ബാക്ക്

സിസ്റ്റം വഴി ഇ–വേസ്റ്റ് ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. 14–05–2011–ലാണ് ഈ റൂൾ നിലവിൽ വന്നത്. എന്നാൽ സംസ്ഥാനത്ത് ഉല്പാദകർ ഇ–വേസ്റ്റുകൾ സംഭരിക്കണമെന്ന പ്രസ്തുത റൂളിന്റെ വ്യവസ്ഥ പാലിക്കുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ രംഗത്തുനിന്നും ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. ഈ സാഹചര്യത്തിൽ സ്വതവേ രോഗാതുരമായ കേരളത്തിൽ വലിയൊരു പ്രശ്നമായി ഇ–മാലിന്യങ്ങൾ വരുമെന്നുള്ളത് ഗൗരവപൂർവ്വമായ കാര്യമാണ്. ഇത്തരം കാര്യങ്ങളെ ഒഴിവാക്കുവാനും സമഗ്രമായ ഇ–മാലിന്യ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കാനും പ്രത്യേകമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. 01–01–2014–ന് തന്നെ ഇതിനുവേണ്ട നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, ഇ–വേസ്റ്റ് ഉല്പാദിപ്പിക്കുന്നവർ തന്നെ തിരിച്ചെടുത്ത് അത് നശിപ്പിക്കണമെന്നുള്ളതാണ്. **extended producer responsibility** ആയിട്ടാണ് അത് കണക്കാക്കുന്നത്. അങ്ങനെ ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ അത് ചെയ്യാനുള്ള സൗകര്യങ്ങൾ കേരളത്തിൽ കുറവാണ്. അതുകൊണ്ട് ഇത് ശേഖരിക്കുന്നതിനും കയറ്റി അയയ്ക്കുന്നതിനും വേണ്ടി ഏജൻസികൾക്ക് ലൈസൻസ് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് കയറ്റി അയച്ചതിനുശേഷം മറ്റുസ്ഥലങ്ങളിൽ വച്ച് നശിപ്പിക്കുകയും ചെയ്യാവുന്നതാണ്. സംസ്ഥാനത്ത്

സി.എഫ്.എൽ., ട്യൂബ് ലൈറ്റ്, മൊബൈൽ ഫോൺ, കംപ്യൂട്ടർ തുടങ്ങിയവയിൽനിന്ന് ഇ-മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. അത് വാസ്തവത്തിൽ വളരെയധികം അപകടം ചെയ്യുന്നുണ്ട്. അത്തരത്തിലുള്ളത് നശിപ്പിക്കണമെന്നത് നിർബന്ധമാണ്. അതിനുള്ള എല്ലാ ഡയറക്ഷൻസും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അത് വളരെ ശക്തിയായി നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തും.

<u>ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുകയെന്നുള്ളത് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്നാണ്. കേവലം ഒരു രജിസ്റ്റർ മാത്രമല്ല, നാട്ടറിവുകളെ സംബന്ധിച്ചും, ചരിത്രം സംബന്ധിച്ചും, പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ചുമുള്ള സമഗ്രമായൊരു വിവര ശേഖരണമാണ് ജനങ്ങളുടെ പിന്തുണയോടുകൂടിയുള്ള ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ എന്നുപറയുന്നത്. കാർഷിക ജൈവവൈവിധ്യം, മണ്ണിനങ്ങൾ, വീട്ടുവളപ്പിലെ ജൈവവൈവിധ്യം, വന ജൈവവൈവിധ്യം, നാട്ടറിവുകൾ, മത്സ്യ സമ്പത്ത്, മൃഗസമ്പത്ത് എന്നിവയും ഏറെ ഉപവിഭവങ്ങളുമുൾപ്പെട്ട വിവരങ്ങളും, വംശനാശം ഉണ്ടായതുമായ നിരവധി ജന്തു-സസ്യ-ആവാസ വ്യവസ്ഥകളെക്കുറിച്ചാണ് ഈ രജിസ്റ്ററിൽ സൂചിപ്പിക്കുന്നത്. അതുകൊണ്ട് നിർബന്ധമായും ഈ രജിസ്റ്റർ സൂക്ഷിക്കണമെന്നുള്ള കാര്യം ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറയുന്നുണ്ടെങ്കിലും കേവലം കുറച്ച് പഞ്ചായത്തുകളിൽ മാത്രമാണ് ഈ രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. അതുകൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി എല്ലാ പഞ്ചായത്തുകളിലും ഇങ്ങനെയുള്ള

രജിസ്റ്റർ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യം എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2002-ൽ പാർലമെന്റ് പാസാക്കിയ ബയോ ഡൈവേഴ്സിറ്റി ആക്ടിനെ തുടർന്ന് 2003-ൽ ദേശീയതലത്തിൽ നാഷണൽ ബയോ ഡൈവേഴ്സിറ്റി അതോറിറ്റി നിലവിൽ വന്നു. ഇതിന്റെ ഘടന, ദേശീയതലത്തിൽ നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റികൾ, സംസ്ഥാനതലത്തിൽ സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡുകൾ, ദേശീയതലത്തിൽ ജൈവവൈവിദ്ധ്യപരിപാലനസമിതികൾ എന്ന രീതിയിലാണ്. ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെയും, സുസ്ഥിര ഉപയോഗത്തിന്റെയും ആദ്യപടിയെന്നുള്ള നിലയിൽ ഓരോസ്ഥലത്തേയും ജൈവവൈവിദ്ധ്യം രേഖപ്പെടുത്തിയ പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ കാണുന്ന വിവിധ ഇനം ആവാസവ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യങ്ങൾ, നാടൻ കൃഷിയിനങ്ങൾ, വളർത്തിനങ്ങൾ, കന്നുകാലികൾ, സൂഷ്മാണുക്കൾ എന്നിവയുടെ സംരക്ഷണത്തിനു വേണ്ടിയാണ് ഒരു ജനകീയ വൈവിദ്ധ്യ രജിസ്റ്റർ നമ്മൾ തയ്യാറാക്കിയിട്ടുള്ളത്. ഈ ജനകീയ വൈവിദ്ധ്യ രജിസ്റ്ററുകൾ എല്ലാ പഞ്ചായത്തുകളിലുമുണ്ടാകണം എന്നുള്ളതാണ് നമ്മുടെ നിലപാട്. പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ **എൻ.ബി.ഐ**-യും സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡും ചേർന്ന് തയ്യാറാക്കിയത് നിർദ്ദിഷ്ട മാതൃകയിലാണ്. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലെ എട്ടംഗ കമ്മിറ്റിയായ ജൈവവൈവിദ്ധ്യ പരിപാലന സമിതിയാണ് പ്രസ്തുത പി.ബി.ആർ തയ്യാറാക്കുന്നത്. മൂന്ന് വർഷത്തെ കാലാവധിയ്ക്കുള്ളിൽ ഇത് പൂർത്തിയാക്കണമെന്നാണ് നമ്മൾ നിഷ്കർഷിച്ചിട്ടുള്ളത്. 978 ഗ്രാമപഞ്ചായത്തുകളിലും 60 മുൻസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും സംസ്ഥാന ജൈവവൈവിദ്ധ്യബോർഡിന്റെ മേൽനോട്ടത്തിൽ **ബി.എം.സി.** രൂപീകരിച്ചിട്ടുണ്ട്. 2012 ഒക്ടോബറിൽ ബി.എം.സി. രൂപീകരണം പൂർത്തീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഈ ചുമതല നമ്മൾ മുന്നോട്ടുകൊണ്ടുപോവുകയാണ്. 2014 ജൂൺ വരെ കേരളത്തിൽ 668 പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും പി.ബി.ആർ. തയ്യാറാക്കി സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സും ബസ് ടെർമിനലും

ശ്രീ. വി. ശിവൻകുട്ടി : സർ, തിരുവനന്തപുരത്തെ കിഴക്കേകോട്ടയ്ക്ക് സമീപം അട്ടക്കുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂൾ പൊളിച്ചുമാറ്റി അവിടെ ഷോപ്പിംഗ് കോംപ്ലക്സും കെ.എസ്. ആർ.ടി.സി. ബസ് ടെർമിനലും നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. 1887-ൽ സ്ഥാപിക്കപ്പെട്ട, 125 വർഷത്തെ പഴക്കവും പാരമ്പര്യവുമുള്ള ഈ സ്കൂൾ ഇടിച്ചുനിരത്തി അവിടെ ഒരു മൊബിലിറ്റി ഹബ്ബും വാണിജ്യസമുച്ചയവും നിർമ്മിക്കുവാൻ 3-5-2013-ൽ റവന്യൂ വകുപ്പ് പുറത്തിറക്കിയ 182/2013 ഉത്തരവിലൂടെ നിർദ്ദേശിച്ചിരിക്കുകയാണ്.

25-3-2013-ൽ ബഹുമാന്യരായ റവന്യൂ വകുപ്പുമന്ത്രി, ആരോഗ്യവകുപ്പു മന്ത്രി, നഗരകാര്യവകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. പ്രസ്തുത യോഗത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ക്ഷണിച്ചില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. വിദ്യാഭ്യാസ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും അറിവും സമ്മതവുമില്ലാതെയാണ് ഈ സ്കൂൾ ഇടിച്ചുനിരത്തുന്നത്. 21-5-2014-ൽ ബഹുമാനപ്പെട്ട മന്ത്രി എം. കെ. മുനീർ ബഹുമാനപ്പെട്ട മന്ത്രി വി. എസ്. ശിവകുമാർ, ജില്ലാ കളക്ടർ ശ്രീ. ബിജുപ്രഭാകർ എന്നിവർ യോഗം ചേർന്ന് ഈ സ്കൂൾ ചിത്രാഹോം കോമ്പൗണ്ടിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. 2014 ജനുവരി 9-ാം തീയതിതന്നെ സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമി ട്രിഡയ്ക്ക് സർക്കാർ കൈമാറിയിരിക്കുകയാണ്. തകരപറമ്പിൽ നിന്നും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ പരിസരത്ത് നിന്നും കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാർക്ക് ഈ സ്കൂൾ കോമ്പൗണ്ടിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ കടകൾ നൽകുവാനും, കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പാർക്കിംഗ് ഏരിയ നൽകാനും ബസുകളുടെ ബോഡിനിർമ്മാണയൂണിറ്റ് സ്ഥാപിക്കുവാനുമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കിഴക്കേകോട്ടയിലെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും അട്ടക്കുളങ്ങര സ്കൂൾ പൊളിച്ചുമാറ്റി അവിടെ ബസ് ടെർമിനൽ പണിയുക മാത്രമേ പോംവഴിയുള്ളൂവെന്നാണ് കളക്ടർ പറയുന്നത്. കിഴക്കേകോട്ടയിലെ ഗതാഗതക്കുരുക്ക് മാറ്റുന്നതിനുള്ള മാർഗ്ഗം 125 വർഷം ചരിത്രമുള്ള സ്കൂൾ പൊളിച്ചുമാറ്റി ബസ് ടെർമിനലും ഷോപ്പിംഗ്

കോംപ്ലക്സും നിർമ്മിക്കലല്ല, മറിച്ച് ശാസ്ത്രീയമായ റോഡ് നിർമ്മാണവും ട്രാഫിക് സംവിധാനവും നടപ്പിലാക്കുകയാണ് വേണ്ടത്. ഒന്നേകാൽ നൂറ്റാണ്ട് പഴക്കമുള്ള തിരുവനന്തപുരത്തെ ഏറ്റവും പ്രശസ്തമായ വിദ്യാലയമായ അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ, ഇത്തവണത്തെ 10-ാം ക്ലാസ് പരീക്ഷ യിലും 100% വിജയം നേടിയിരുന്നു. ട്രീ മാർക്ക് എന്ന സ്ഥാപനം നടത്തിയ വൃക്ഷ വൈവിദ്ധ്യപഠനത്തിൽ അപൂർവ്വം ഇനങ്ങളിൽപ്പെട്ട നൂറിലധികം വൃക്ഷങ്ങൾ ഈ സ്കൂൾ കോമ്പൗണ്ടിൽ ഉള്ളതായും വേനൽക്കാലത്തു പോലും സ്കൂൾ വളപ്പിൽ  ആറ് ഡിഗ്രിയോളം താപനിലയിൽ കുറവ് കണ്ടെ ത്തിയിട്ടുള്ളതുമാണ്. കിഴക്കേകോട്ട വികസനത്തിന് മറ്റുമാർഗ്ഗങ്ങൾ തേടി ക്കൊണ്ട് തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റെ പുരാതനപൈതൃ കവും ജൈവവൈവിദ്ധ്യവും കാത്തുസൂക്ഷിക്കുന്നതിനും വരും തലമുറ യ്ക്കായി സംരക്ഷിക്കുന്നതിനും അട്ടക്കുളങ്ങര സ്കൂളിൽ ട്രിഡയുടെ നേതൃ ത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തലതിരിഞ്ഞ വികസന പദ്ധതികളായ ഷോപ്പിംഗ് കോംപ്ലക്സും മൊബിലിറ്റി ഹബ്ബും ബസ് ക്യാരേജും സ്ഥാപിക്കു വാനുള്ള തീരുമാനം റദ്ദാക്കണം. നിരവധി പ്രശസ്തരായ വിദ്യാർത്ഥികളെ രാജ്യത്തിന് സംഭാവന ചെയ്ത അട്ടക്കുളങ്ങര സ്കൂളിൽ പ്ലസ് ടു അനുവദിച്ച് എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി ആധുനികവിദ്യാലയമായി ഉയർത്തുന്ന തിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, അട്ടക്കുള ങ്ങര ബസ്ടെർമിനൽ സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിക്കണമെന്ന ആശയം

ഉണ്ടായത് പ്രധാനമായും കിഴക്കേകോട്ടയിൽ നിരന്തരമുണ്ടാകുന്ന അപകടമരണങ്ങൾ കാരണമാണ്. ചാല മാർക്കറ്റിൽ എത്തുന്നവരും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സന്ദർശകരുമുൾപ്പെടെ ദിവസവും പതിനായിരക്കണക്കിനാളുകൾ എത്തിച്ചേരുന്ന സ്ഥലമാണ് കിഴക്കേകോട്ട ബസ് സ്റ്റാന്റ്. സിറ്റി സർവ്വീസുകൾ, പ്രൈവറ്റ് ബസ് സർവ്വീസുകൾ, കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസുകൾ എന്നിവ ഓപ്പറേറ്റ് ചെയ്യുന്നതും പാർക്ക്ചെയ്ത് യാത്രക്കാരെ കയറ്റിപോകുന്നതും ഈ റോഡിലാണ്. ബസ്ബേയായും യാത്രക്കാരെ കയറ്റുന്നതിനും കാൽനടയാത്രക്കാർക്ക് സഞ്ചരിക്കുന്നതിനും ഒരേ റോഡ് ഉപയോഗിക്കുന്നത് ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയുകയില്ല. ഇതിനകംതന്നെ പതിനഞ്ചോളം വിലപ്പെട്ട ജീവനുകൾ ഇവിടെയുണ്ടായ അപകടങ്ങളിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സ്ഥലം എം.എൽ.എ. കൂടിയായ ആരോഗ്യവകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ മുൻകൈ എടുത്ത് പുതിയ ബസ് ടെർമിനൽ സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിക്കണമെന്ന ആശയം സർക്കാരിന് സമർപ്പിച്ചതും മേയർ, സ്ഥലം കൗൺസിലർ, പി.റ്റി.എ. പ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് അഭിപ്രായ സമന്വയം ഉണ്ടാക്കിയതും. ഇനി പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 5.5 ഏക്കർ ഭൂമിയിൽ നിന്നും 2 ഏക്കർ ഭൂമി ട്രിഡയ്ക്ക് ഒരു സെന്റിന് 100 രൂപ പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് അനുവദിച്ചുനൽകിയത്.

1. ഭൂമി ഉപപാട്ടത്തിന് നൽകാനോ തറവാടകയ്ക്ക് അനുവദിക്കാനോ അന്യാധീനപ്പെടുത്താനോ ദുരുപയോഗം ചെയ്യാനോ പാടില്ല.

2. ഏതാവശ്യത്തിനുവേണ്ടിയാണോ ഭൂമി പാട്ടത്തിനനുവദിച്ചത് ആ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.
3. അതാത് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ പാട്ട തുക അടയ്ക്കേണ്ടതാണ്.
4. സാമ്പത്തിക സ്ഥാപനങ്ങളിലോ ബാങ്കുകളിലോ പ്രസ്തുത ഭൂമി ഈടുവയ്ക്കാനോ പണയപ്പെടുത്താനോ പാടുള്ളതല്ല.
5. പാട്ടത്തിന് നൽകിയ ഭൂമി കൈയേറുന്നതിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ട പ്രാഥമിക ചുമതല ട്രിഡയ്ക്കായിരിക്കും.
6. പാട്ടത്തിനനുവദിച്ച ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ റവന്യൂ വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ മുറിച്ചുമാറ്റാൻ പാടുള്ളതല്ല.
7. കേരള ഭൂമി പതിവ് ചട്ടം Appendix-3 part A, KLA റൂൾസ്പ്ര കാരം Reserved Trees പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള വൃക്ഷ ങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കും.
8. മുകളിൽപ്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചാൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതായിരിക്കും.

രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കേണ്ടതെന്നും ഏറ്റവും ആദ്യം നിർമ്മാണപ്രവർത്തനം ആരംഭിക്കുന്ന സ്ഥലത്തെ കെട്ടിടങ്ങൾ മാത്രമേ പൊളിച്ചുമാറ്റാവൂ എന്നും പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങൾക്ക് പകരം സ്കൂളിന്റെ കൈവശം ബാക്കിയുള്ള മൂന്നര ഏക്കർ സ്ഥലത്ത് 10 ക്ലാസ് റൂമുകൾ സ്കൂളിന് ട്രിഡ സ്വന്തം ചെലവിൽ നിർമ്മിച്ചു നൽകേണ്ടതാണെന്നും സ്കൂൾ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കരുതെന്നും പ്രത്യേകം

നിഷ്കർഷിച്ചിട്ടുണ്ട്. സ്കൂളിൽ നിലവിൽ 100–ൽ താഴെ കുട്ടികൾ മാത്രമാണ് പഠിക്കുന്നത്. സ്കൂളിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നത് സർക്കാർ ട്രിഡയ്ക്ക് കൈമാറിയ സ്ഥലത്തല്ല. ട്രിഡയ്ക്കനുവദിച്ചുനൽകിയ ഭൂമിയിൽ ഏകദേശം 10–ൽ താഴെ മരങ്ങൾ മാത്രമേ മുറിക്കേണ്ടിവരികയുള്ളൂ. എല്ലാ നടപടിക്രമങ്ങളും പാലിച്ച് മാത്രമേ മരങ്ങൾ മുറിച്ചുമാറ്റുകയുള്ളൂ. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിനും സ്കൂളിനുമിടയ്ക്ക് കോമ്പൗണ്ട് വാൾ പണിയുന്നതാണ്. ട്രിഡ ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തൽക്കാലം തടസങ്ങൾ ഒന്നും തന്നെയില്ല.

<u>പ്രവൃത്തിദിവസങ്ങൾ അഞ്ചാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ അഞ്ചാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകൾക്ക് പ്രവൃത്തിദിവസം ആറായിരുന്നത് അഞ്ചാക്കണമെന്ന് ഞാൻ കഴിഞ്ഞമാസം സബ്മിഷനായി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അത് അഞ്ചാക്കി ഈ മാസം 1–ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. അതിനുശേഷം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരെല്ലാം സമരത്തിലാണ്. ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്പോൾ ആറ് ദിവസമാണ് പ്രവൃത്തി ദിവസം. ഹയർ സെക്കന്ററി സ്കൂൾ പോലെതന്നെ പ്രവൃത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനമാണ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും. ആ

നിലയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവൃത്തിദിവസം അഞ്ചാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കേരള ത്തിലെ ഹയർ സെക്കന്ററി മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിന് പ്രൊഫ. പി. ഒ. ജെ. ലെബ്ബ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റി അതിന്റെ ഒന്നാംഘട്ട ശിപാർശകൾ 2013 ഏപ്രിലിൽ സർക്കാരിന് സമർപ്പിച്ചു. മേൽപ്പടി റിപ്പോർട്ടിൽ ഹയർ സെക്കന്ററി സ്കൂളുക ളിൽ നിലനിന്നിരുന്ന ആറ് പ്രവൃത്തിദിനം അഞ്ചായി പരിമിതപ്പെടുത്തേണ്ട തിന്റെ ആവശ്യകത വിശദമാക്കുകയും അപ്രകാരം ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തിദിവസം അഞ്ചാക്കി ചുരുക്കുന്നതിന് ശിപാർശ ചെയ്തു. പ്രൊഫ. ലബ്ബാ കമ്മിറ്റിയുടെ മേൽശിപാർശയുടെ അടിസ്ഥാന ത്തിൽ ഹയർസെക്കന്ററി സ്കൂളുകളിലെ നിലവിലെ പഠന സമയത്തിൽ കുറവുവരാതെ ആറ് ദിവസത്തെ പഠന സമയം അഞ്ച് ദിവസമാക്കി ക്രമീകരി ച്ചുകൊണ്ട് 1.7.2014-ന് സർക്കാർ ഉത്തരവായി. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂളുകളെ അപേക്ഷിച്ച് പഠനസമയം കൂടുതലാണ്. അവർക്ക് ഇപ്പോൾ പഠന സമയം തുടങ്ങുന്നത് രാവിലെ 8.30 നും അവസാനിക്കുന്നത് വൈകുന്നേരം 4.30 നുമാണ്. തൊഴി ലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് അഞ്ച് ദിവസം പര്യാപ്തമല്ലെന്ന് പ്രൊഫ. ലബ്ബാ കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതി നാൽ വി.എച്ച്.എസ്.ഇ-യിൽ നിലവിലുള്ള അദ്ധ്യാപന സമയത്തിൽ കുറവ്

വരുത്താതെ ആഴ്ചയിൽ ആറ് ദിവസം അദ്ധ്യയനം നടക്കത്തക്കരീതിയിൽ തൊഴിൽ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി ഇപ്പോഴത്തെ അവസ്ഥ തന്നെ തുടരേണ്ടതാണന്ന് ശിപാർശ ചെയ്യുകയുണ്ടായി. നിലവിലെ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന 43 മണിക്കൂർ പഠന സമയം അഞ്ച് ദിവസത്തിനുള്ളിൽ കണ്ടെത്തുവാൻ അസാദ്ധ്യമാണ്. എന്നാലും പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്ന മുറയ്ക്ക് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും പ്രവൃത്തിദിനം ആഴ്ചയിൽ അഞ്ചാക്കുന്നത് സംബന്ധിച്ച് സാദ്ധ്യത പരിശോധിക്കുന്നതാണ്.

## വനിതകൾക്ക് പ്രവേശനം നിഷേധിച്ചത് സംബന്ധിച്ച്

ശ്രീമതി കെ. കെ. ലതിക: സർ, കാലിക്കറ്റ് വി.സി. എടുത്ത സ്ത്രീവിരുദ്ധ സമീപനത്തിനെതിരായിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു സബ്മിഷനാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡെപ്യൂട്ടി രജിസ്ട്രാർ 28-06-2014-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്കുനേരെ പരിശീലനം സിദ്ധിച്ച സംഘടിതരായ സ്ത്രീകൾ ഗുണ്ടാ ആക്രമണം നടത്താൻ പരിപാടി ഇട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് കിട്ടിയതായി പറയുന്നു. അതുകൊണ്ട് സ്ത്രീകൾ അദ്ദേഹത്തെ സന്ദർശിക്കുന്നതിൽ നിന്നും കഴിയുന്നത്ര വിലക്കണമെന്ന് പറയുന്നു. ഈ ഉത്തരവിനുപുറമേ ഒളിക്യാമറകൾ വാങ്ങാൻ ഓർഡർ കൊടുക്കുന്നു. ഒരു റിട്ടയേർഡ് ഡിവൈ. എസ്.പി.യെ സെക്യൂരിറ്റിയായി ചുമതലയേൽപ്പിക്കുന്നു. ഇതിൽ ഒരുപാട് ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സ്ത്രീവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ ഇത്തരത്തിലുള്ള ഒരുത്തരവ് ഇറക്കിയിട്ടുള്ളത് സർക്കാരിന്റെ അനുമ

തിയോടുകൂടിയാണോ; യൂണിവേഴ്സിറ്റിക്ക് കിട്ടിയ റിപ്പോർട്ട് അതായത് സ്ത്രീകൾ ഗുണ്ടാ ആക്രമണം നടത്തുമെന്നുള്ളത് ഇവിടത്തെ പോലീസ് അറിഞ്ഞിട്ടല്ലേ; ഇല്ലാത്ത ഒരു റിപ്പോർട്ടിന്റെ പേരിൽ യൂണിവേഴ്സിറ്റിയുടെ ലക്ഷക്കണക്കിന് രൂപ സെക്യൂരിറ്റിക്കാരെ നിയമിക്കാനും ക്യാമറ വാങ്ങാനും ചെലവഴിക്കുന്നത് ശരിയാണോ; ഗുണ്ടാ ആക്രമണം നടത്തുമെന്ന് റിപ്പോർട്ട് കിട്ടിയത് സംബന്ധിച്ച് പോലീസിൽ കേസ് കൊടുത്തിട്ടുണ്ടോ? ഇങ്ങനെ ധിക്കാരപരമായ നടപടികൾ സ്വീകരിക്കുന്ന ഒരു വൈസ് ചാൻസലറെ പുറത്താക്കി കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ നാശത്തിൽ നിന്നും രക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സ്ത്രീവിരുദ്ധവും ജനവിരുദ്ധവുമായിട്ടുള്ളതുമായ ഓർഡറാണ് പ്രോ വൈസ് ചാൻസലർ ഇറക്കിയിട്ടുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറുടെ ജീവനും സ്വത്തിനും സംരക്ഷണമുറപ്പുവരുത്തുന്നതിനുവേണ്ടി സർവ്വകലാശാല താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഒന്ന്, സന്ദർശകർക്ക് ഭരണകാര്യാലയത്തിലേക്കുള്ള പ്രവേശനസമയം നിയന്ത്രിച്ചിട്ടുണ്ട്. പാസ്സുള്ളവരെ മാത്രമേ ഭരണകാര്യാലയത്തിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. കാണേണ്ട ഓഫീസറെ കണ്ടതിനുശേഷം പാസ്സ് തിരിച്ചേൽപ്പിക്കേണ്ടതുമാണ്. രണ്ട്, സന്ദർശകനേയും സന്ദർശകന്റെ ആഗമനോദ്ദേശ്യവും മനസ്സിലാക്കിയ ശേഷമേ വൈസ് ചാൻസലറുടെ ബ്ലോക്കിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. മൂന്ന്, വൈസ് ചാൻസലറുടെ ചേമ്പറിലേക്ക് സന്ദർശകവൃന്ദങ്ങളേയും സ്ത്രീ സന്ദർശകരേയും കഴിയുന്നതും നിയന്ത്രിക്കേണ്ടതാണ്. നാല്, പരിവേദനങ്ങളുമായി വരുന്ന വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രജി

സ്ട്രാറേയോ പ്രോ–വൈസ് ചാൻസലറേയോ കാണാൻ നിർദ്ദേശിക്കുകയും അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ വൈസ് ചാൻസലറെ കാണാൻ അനുവദിക്കേണ്ടതുള്ളൂ. അഞ്ച്, വൈസ് ചാൻസലറുടെ ഇടപെടൽ ആവശ്യമാകുന്ന കേസ്സുകളിൽ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി പ്രസ്തുത കേസ്സുകൾ കേൾക്കുകയും ബന്ധപ്പെട്ട പേപ്പറുകൾ വൈസ് ചാൻസലറുടെ തീർപ്പിനായി സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നിയന്ത്രണമല്ലാതെ വൈസ് ചാൻസലറുടെ ചേമ്പറിലേക്ക് സ്ത്രീകളുടെ പ്രവേശനം വിലക്കേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് റിപ്പോർട്ടിൽ പറയുന്നു. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിനടുത്തുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്....മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞു. ചെയറിന് അതിനെപ്പറ്റി പറയാൻ പറ്റില്ല. നിങ്ങളുടെ പ്രതിഷേധം മിനിസ്റ്റർക്ക് മനസ്സിലായിക്കഴിഞ്ഞു. യെസ്...യെസ്.....അതിന് ഫ്രണ്ടിൽ വരേണ്ട. പ്ലീസ്....പ്ലീസ്....ശ്രീമതി കെ. കെ. ലതിക, സീറ്റിലേക്ക് പോകൂ. മിനിസ്റ്റർ മറുപടി പറയും. ....ശ്രീമതി കെ. കെ. ലതിക, പറയുന്നത് കേൾക്കണം. നിങ്ങൾക്ക് പ്രശ്നത്തിന് പരിഹാരമല്ലേ വേണ്ടത്, മിനിസ്റ്റർ സംസാരിക്കും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ചാൻസലർ ഒരു സ്ത്രീ അല്ലേ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിങ്ങൾക്ക് പ്രശ്നത്തിന് പരിഹാരമല്ലേ വേണ്ടത്. മിനിസ്റ്റർ സംസാരിക്കും. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ..........നിങ്ങൾ ഇപ്പോൾ ഉയർത്തിയ വിഷയത്തിന് മിനിസ്റ്റർ മറുപടിപറയുന്നു. നിങ്ങൾ സീറ്റിലിരിക്കണം. പ്ലീസ്....മിനിസ്റ്റർ മറുപടി പറയട്ടെ.

<u>ശ്രീമതി കെ. കെ. ലതിക</u>: അങ്ങ് മറുപടി കേട്ടതല്ലേ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് റൂളിംഗ്; മിനിസ്റ്റർ അല്ലേ മറുപടി പറയേണ്ടത്. .....(ബഹളം)..... മിനിസ്റ്റർ ഇനിയും സംസാരിക്കാൻ പോകുന്നു. മിനിസ്റ്ററുടെ മറുപടി നിങ്ങൾക്ക് ആവശ്യമില്ലേ; നിങ്ങൾ ഈ പറഞ്ഞ വിഷ യത്തിന് മറുപടി മിനിസ്റ്റർ പറയാൻ പോകുന്നു. അതുവേണ്ടേ? അവർ സീറ്റിൽ പോയിട്ട് മറുപടി പറഞ്ഞാൽ മതി. സീറ്റിൽ ഇരുന്നാൽ മാത്രമേ മറു പടി പറയാൻ കഴിയൂ. നിങ്ങൾ സീറ്റിൽ ഇരിക്കണം. ബഹുമാനപ്പെട്ട എ.കെ. ബാലൻ, അങ്ങ് സീനിയർ മെമ്പറാണ്. ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ, Please go to your seat, please...... please .......ഇരുന്നാൽ മാത്രമേ മറുപടി പറയാൻ പറ്റൂ.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കെ.കെ. ലതിക എഴുതിത്തന്ന വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ ഓഫീസിലേക്ക് വനിതകൾക്ക് പ്രവേശനം നിഷേധിച്ചു എന്നു പറഞ്ഞുകൊണ്ടാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് നിഷേധിച്ചതല്ല, നിയ ന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഒരുപാട് കാര്യങ്ങൾ.............. ശ്രീമതി കെ. കെ. ലതികയുടെ കയ്യിലും അതിന്റെ കോപ്പിയുണ്ട്. അതിന്റെയടിസ്ഥാന ത്തിൽ എനിക്ക് കിട്ടിയ വിവരങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. പൂർണ്ണ മായ നിരോധനമേർപ്പെടുത്തിയിട്ടില്ല. സ്ത്രീകൾക്ക് മാത്ര മല്ല.....(ബഹളം)...ഞാൻ പറയട്ടെ. ഞാൻ പറഞ്ഞുകഴിഞ്ഞ് പറയൂ. സ്ത്രീകളുടെ കാര്യത്തിൽ അഞ്ചാറ് നിബന്ധനകൾ ഞാൻ വായിച്ചു. ആ നിബന്ധനകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലർ അവിടെ വി.സി. ഇറക്കിയതാണ്. ഞാൻ അതിനോട് യോജിക്കുന്നില്ല. അത് വേറെ കാര്യം.

അവിടെ സ്ത്രീകളെ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു എന്ന് പറഞ്ഞുതന്ന സബ്മിഷനാണ് ഞാൻ മറുപടി തന്നത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിക്കണമെന്നുള്ളത് സർക്കാർ ആലോചിക്കും.

## ഹോമിയോ ഡിസ്പെൻസറി

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, എന്റെ മണ്ഡലത്തിലെ മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടിരൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ എൻ.ആർ.എച്ച്.എം. ഡിസ്പെൻസറിയോ സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനായി ഹോമിയോപ്പതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ മങ്കട ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നുണ്ട്. ഇതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## അവയവദാനം

ശ്രീ. സാജുപോൾ: സർ, സാമ്പാ താളവും ലോകത്തിന്റെ ഹൃദയതാളവും നിലച്ച ഈ ദുരന്ത ദിനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഇവിടെ അവതരിപ്പിക്കുകയാണ്. ഇന്ത്യയിൽ ആന്തരികാവയവങ്ങൾ കിട്ടാത്ത

തിനാൽ മിനിട്ടിൽ ഒരാൾ വീതം മരിക്കുകയാണ്. രണ്ടുലക്ഷത്തോളം പേർ അവയവം കാത്തിരിക്കുന്നവരുടെ പട്ടികയിലേക്ക് ഓരോ വർഷവും എത്തുകയാണ്. വർഷത്തിൽ ഒരുകോടിയോളം ആളുകൾ മരിക്കുന്ന ഈ രാജ്യത്ത് അഞ്ചുലക്ഷം പേരെങ്കിലും മസ്തിഷ്ക മരണം സംഭവിക്കുമ്പോൾ 80 പേർമാത്രമാണ് അവയവ ദാനം നടത്താൻ തയ്യാറാകുന്നത്. അമേരിക്കയിലെ പ്രൊഫസർ നളിനി അമ്പാടി മുതൽ ട്രാഫിക് സിനിമയിലെ സന്ദേശംവരെ വളരെയേറെ ചർച്ചചെയ്യപ്പെട്ടിട്ടുളളതാണ്. ഞാൻ സമയചുരുക്കം മൂലം അതൊന്നും വിശദീകരിക്കുന്നില്ല. 1994-ൽ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്റ്റിൽ 2011-ലും 2013-ലും ഭേദഗതി വരുത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ അവയവ വ്യാപാരികളും മാഫിയകളും രംഗത്തുണ്ട്. ഇപ്പോൾ കിഡ്നി ടൂറും കിഡ്നി മാര്യേജും വരെയുണ്ട്. കിഡ്നി ടൂർ ദാതാവിനെയും കൊണ്ട് ടൂർ പോകുക, അതുപോലെ വിവാഹം ചെയ്ത ശേഷം വൃക്ക കിട്ടിയതിനെത്തുടർന്ന് വിവാഹബന്ധം വേർപെടുത്തുക. ഇങ്ങനെ ദാരിദ്ര്യത്തിന്റെ പാരമ്യത്തിൽ വിൽപ്പനകളും ലാഭക്കൊതിയന്മാർ നടത്തുന്ന ചൂഷണങ്ങളും നമുക്ക് അവസാനിപ്പിക്കാൻ കഴിയണം. ഇത് തടയുന്നതിന് ഈ രംഗത്ത് മുന്നേറിയ രാജ്യങ്ങളെ നമുക്ക് മാതൃകയാക്കാൻ കഴിയണം. വ്യാപകമായി നടക്കാനുള്ള അവബോധവും സംസ്കാരവും സൃഷ്ടിക്കണം. നമ്മുടെ നാലിലൊന്ന് ജനസംഖ്യയുള്ള അമേരിക്കയിൽ മുപ്പതിനായിരം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നു. അവിടെ ഡ്രൈവിംഗ് ലൈസൻസ് കിട്ടണമെങ്കിൽ സമ്മതപത്രം നൽകണം. ഇന്ത്യയിൽ രണ്ടുകോടിയിൽ ഒരാൾ അവയവ ദാനം നടത്തുമ്പോൾ സ്പെയിനിൽ ഇരുപതിനായിരത്തിൽ ഒരാൾ അവയവ

ദാനം നടത്തുന്നു. അതുപോലെ വിസമ്മതപത്രം നൽകിയില്ലെങ്കിൽ അവയവ ങ്ങൾ എടുക്കുന്നത് തടയാൻ ബന്ധുക്കൾക്ക് അവകാശമില്ലാത്ത രാജ്യങ്ങൾ സ്പെയിൻ, സിംഗപ്പൂർ, ഓസ്ട്രേലിയ, ബെൽജിയം തുടങ്ങിയവയാണ്. ഐ. സി.യു.വിൽ സ്ഥിരമായി പരിശോധന നടത്തി സ്പെയിനിലെ ട്രാൻസ്പ്ലാന്റ് സർവ്വീസ് ഫൗണ്ടേഷൻ ദാതാക്കളെ കണ്ടെത്തുന്നു. ഇവിടെ സ്വാതിയുടെ ദാതാക്കളായ റെയ്നി, സ്റ്റാൻലി അങ്ങനെ ഒരുപാട് പേരുടെ........... വിശദാംശ ങ്ങൾ സമയക്കുറവുമൂലം പറയുന്നില്ല. കിഡ്നി ഫെഡറേഷൻ സ്ഥാപിച്ച് വൃക്ക ദാനം ചെയ്ത ഫാദർ ഡേവിസ് ചിറമേൽ അതുപോലെ തന്നെ അപരിചിതന് ജീവിതം കൊടുത്ത കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അങ്ങനെ ഒരു പാട് പേരെ നമുക്കിവിടെ സ്മരിക്കാൻ കഴിയും. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഡോ. ടോണി ഫെർണാണ്ടസ് തുടങ്ങിയവരുടെ സേവന ങ്ങൾ, അതുപോലെ കോഴിക്കോട് മാവൂരിനടുത്ത് ചെറുകുളത്തൂർ ഒരു അവ യവദാന ഗ്രാമമാണ്. നമ്മുടെ മൃതസഞ്ജീവനി പദ്ധതി നിലവിലുണ്ട്. എറണാ കുളത്തെ സോർട്ട്, കോഴിക്കോടുള്ള ഹോപ്പ്, ചെന്നൈയിലുള്ള മോഹൻ, അങ്കമാലിയിലെ ജീവധാര, തൃശ്ശൂരിലെ ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ, കിഡ്നി ഫൗണ്ടേഷൻ ഇവയൊക്കെ നല്ല നിലയിൽ പ്രവർത്തി ക്കുന്ന സ്ഥാപനങ്ങളാണ്. നമുക്ക് അവയവം മാറ്റിവയ്ക്കാനുള്ള നടപടി ക്രമ ങ്ങളുടെ ഭാഗമായി കൃത്യമായ വ്യവസ്ഥ, നടപടിക്രമങ്ങൾ ലഘൂകരിക്കൽ മുതലായ കാര്യങ്ങളും മാത്രമല്ല ഇതിനൊരു ബ്രാൻഡ് അംബാസ ഡറെയടക്കം വച്ചുകൊണ്ട് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന

പ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. മസ്തിഷ്കമരണ അവയവദാന പദ്ധതി (കടാവർ) ആഗസ്റ്റ് 2012-ൽ ഈ ഗവൺമെന്റ് ആരംഭിച്ചു. ഇതിന്റെ കൺവീനർ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. രാംദാസ് പിഷാരടിയാണ്. കേരളത്തിൽ നടക്കുന്ന മസ്തിഷ്കമരണങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കടാവർ ട്രാൻസ്പ്ലാന്റേഷൻ കേന്ദ്ര ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുകയും അവയവങ്ങൾ ആവശ്യമായ വ്യക്തിക്ക് അവ ലഭ്യമാക്കുകയും ചെയ്യുന്നു. അവയവം ആവശ്യമുള്ള രോഗികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ച് സീനിയോരിറ്റി ക്രമത്തിലാണ് അവ ലഭ്യമാക്കുന്നത്. മസ്തിഷ്കമരണം റിപ്പോർട്ട് ചെയ്യുമ്പോൾ അവ ലഭ്യമാക്കുക, പോസ്റ്റുമോർട്ടമുൾപ്പടെയുള്ള നടപടികൾ ഏകോപിപ്പിക്കുക എന്നിവ ഈ ഓഫീസിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിക്ക് വളരെയേറെ പ്രാധാന്യമാണ് നൽകിവരുന്നത്. അവയവങ്ങൾ ലഭ്യമാകാത്തതിനാൽ മരണം സംഭവിക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് വളരെയധികമുണ്ട്. മരണം സംഭവിച്ചതിനുശേഷം അവയവങ്ങൾ ദാനംചെയ്യുന്നതിൽ ബന്ധുക്കൾ പലപ്പോഴും വിമുഖത കാണിക്കുന്നതിനാലാണ് ഇക്കാര്യത്തിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നത്. അതിനാലാണ് സർക്കാരിന്റെ നേതൃത്വത്തിൽ മൃതസഞ്ജീവനി എന്ന പദ്ധതിയാരംഭിച്ചത്. മസ്തിഷ്കമരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക, മനുഷ്യ അവയവങ്ങളുടെ വ്യാപാരം തടയുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സ്വകാര്യ മേഖലയിലുൾപ്പെടെ ഇത്തരത്തിൽ മസ്തിഷ്കമരണാനന്തരം അവയവങ്ങൾ ദാനം ചെയ്യാനാഗ്രഹിക്കുന്ന ബന്ധുക്കളെ നേരിൽ കണ്ട് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു. ഇതിനായി ഏത്

തരത്തിലുള്ള ഉപദേശങ്ങൾക്കും സഹായങ്ങൾക്കും മൃതസഞ്ജീവനി ഓഫീസുമായി 0471 2117660 എന്ന നമ്പരിൽ ഏത് സമയത്തും ബന്ധപ്പെടാവുന്നതും വിവരങ്ങൾ വെബ്സൈറ്റിലും ലഭ്യമാണ്. അവയവദാന പ്രവർത്തനവുമായി ബന്ധപ്പെട്ട് കൺവീനർ, നോഡൽ ഓഫീസർ, കോ-ഓർഡിനേറ്റർമാർ, കൗൺസിലർമാർ എന്നിവരെ ഏത് സമയത്തും ബന്ധപ്പെടാവുന്നതാണ്. മനുഷ്യശരീരത്തിലെ 22-ഓളം അവയവങ്ങളും അവയവഭാഗങ്ങളും മാറ്റിവയ്ക്കാവുന്നതാണ്. ഇതിൽ കേരളത്തിൽ ഏറ്റവും കൂടുതൽ നടക്കുന്ന ട്രാൻസ്പ്ലാന്റേഷൻ കിഡ്നി, കരൾ, ഹൃദയം, ഹൃദയ വാൽവ്, കണ്ണ് എന്നിവയാണ്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലുൾപ്പടെ എട്ട് ആശുപത്രികളിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നമ്മുടെ സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നടത്തിവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ വർഷം ഡിസംബർ 31-നുള്ളിൽ കരൾ മാറ്റ ശസ്ത്രക്രിയാ സംവിധാനമാരംഭിക്കുന്നതാണ്. ഇതിനായുള്ള യൂണിറ്റ് രൂപീകരിച്ച് ട്രെയിനിംഗ് നൽകാനുള്ള നടപടികളാരംഭിച്ചുകഴിഞ്ഞു. ട്രെയിനിംഗ് ലഭ്യമാക്കേണ്ട സെന്ററുകളും തെരഞ്ഞെടുത്തുകഴിഞ്ഞു. സംസ്ഥാന കടാവർ പദ്ധതിയിൽ ഇതുവരെ 200-ഓളം അവയവങ്ങളും 100-ൽപ്പരം അവയവഭാഗങ്ങളും വാൽവ്, കണ്ണിന്റെ കൃഷ്ണമണി തുടങ്ങിയവയും മാറ്റിവച്ചുകഴിഞ്ഞു. കടാവർ ട്രാൻസ്പ്ലാന്റേഷൻ 125 ആയപ്പോൾ 2013 ഡിസംബറിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് ഇതിന്റെ പ്രചരണാർത്ഥം ഒരു ചടങ്ങ് സംഘടിപ്പിക്കുകയുണ്ടായി. മസ്തിഷ്കമരണം സംഭവിച്ച ആൾക്കാരുടെ അവയവങ്ങൾ വിട്ടുനൽകിയ ബന്ധുക്കളെ ആദരിക്കുക, ബോധവൽക്കരണം വിപുലപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളിലൂടെയാണ് ഈ ചടങ്ങ് സംഘടിപ്പിച്ചത്. കൂടാതെ അവയവങ്ങൾ

സ്വീകരിച്ച വ്യക്തികളെയും ദാനം ചെയ്തവരുടെ ബന്ധുക്കളെയും സംഘടിപ്പിച്ച് അവരെ ആദരിക്കുന്ന മറ്റൊരു ചടങ്ങ് കനകക്കുന്നിൽ സംഘടിപ്പിച്ചു. ജീവിച്ചിരിക്കുന്ന വ്യക്തികളിൽ നിന്നും അവയവങ്ങൾ ദാനം ചെയ്യുന്നത് ഇതിനായുള്ള കേന്ദ്ര നിയമങ്ങൾക്കനുസൃതമാണ്. ഇതിന് അനുമതി നൽകുന്നതിന് എല്ലാ മെഡിക്കൽ കോളേജുകളിലും ഓതറൈസേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ കീഴിൽ ഒരു അപ്പീൽ കമ്മിറ്റിയും നിലവിലുണ്ട്. നിലവിൽ അവയവദാന പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ പ്രക്രിയകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുള്ളതും അവ പാലിക്കുന്നുണ്ടെന്ന് കെ.എൽ.ഒ.എസ്.ന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നുമുണ്ട്. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് സംസ്ഥാനത്തെ മൂന്ന് മേഖലകളായി തിരിച്ച് വിദഗ്ദ്ധരായ ഡോക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മൃതസഞ്ജീവനി പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന്, പൊതു ജനങ്ങൾക്കിടിയിൽ ഈ പ്രവർത്തനത്തിന് കൂടുതൽ സ്വീകാര്യത ഉറപ്പുവരുത്തുന്നതിനുമായി സിനിമ, കായിക മേഖലയിൽ നിന്നുള്ള പ്രശസ്ത വ്യക്തികളെയുൾപ്പെടുത്തിയുള്ള പരസ്യങ്ങൾ, ബ്രാൻഡ് അംബാസിഡറെ നിയമിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, കൂടുതൽ ആളുകളിലേയ്ക്ക് ഇതിന്റെ പ്രാധാന്യവും മാഹാത്മ്യവും എത്തിക്കുക തുടങ്ങിയ പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് തീർച്ചയായും ആലോചിക്കും.

## സിദ്ധ ചികിത്സ നടത്താനുള്ള അനുമതി

ശ്രീ. എ. റ്റി. ജോർജ്: സർ, ചരിത്രാധീതകാലം മുതൽ ഭാരതത്തിൽ നില നിന്നിരുന്ന ഒരു ശാസ്ത്രീയ അടിസ്ഥാന ചികിത്സാ സമ്പ്രദായമാണ് സിദ്ധ വൈദ്യം. ഋഷിപരമ്പരകളിലൂടെ എത്തിച്ചേർന്ന് ഗുരുകുല പാരമ്പര്യ സമ്പ്രദാ യത്തിലൂടെയും ഇന്ന് കോളേജ് പഠനത്തിലൂടെയും ഇത് നിലനിൽക്കുന്നു. ഇത് നമ്മുടെ ഭാരതീയ പൈതൃകസ്വത്താണ്. ലോകപൈതൃക പട്ടികയിൽ ഇടംപിടിക്കാവുന്ന ഈ സമ്പ്രദായത്തെ ആധുനികതയുടെ തിളക്കമില്ലാത്തതി നാൽ നാംതന്നെ ഒഴിവാക്കി നിർത്തുന്നത് നമ്മുടെ പാരമ്പര്യത്തെയും പൈതൃകത്തെയും അവഹേളിക്കുന്നതിന് തുല്യമാണ്. ഭാരതത്തിന്റെ പതിനാ യിരക്കണക്കിന് ചികിത്സകരിലൂടെ ലക്ഷോപലക്ഷം ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നു. കേരളത്തിൽ പാറശ്ശാല മുതൽ കാസർഗോഡ് വരെ ആയിരക്കണക്കിന് പാരമ്പര്യ സിദ്ധ ചികിത്സകരും അവരുടെ ആശ്രിതരും കുടുംബാംഗങ്ങളുമായി പതിനായിരങ്ങളുണ്ട്. ഓരോ കാലഘട്ടത്തിലും ജന കീയ സർക്കാരുകൾ ഇവരെ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോയിരുന്നു. ഈ ചികിത്സാ സമ്പ്രദായത്തെ സംരക്ഷിക്കുന്നതിലൂടെ നമ്മുടെ ഓരോ ഗ്രാമ ത്തിന്റെയും ആരോഗ്യ സംരക്ഷണത്തിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കു വാൻ കഴിയും. നിലവിലെ കോളേജ് പഠനത്തിൽ സിദ്ധ വൈദ്യത്തിന്റെ അച്ച ടിക്കപ്പെടാത്ത അടിസ്ഥാന ശാസ്ത്രീയ ഗ്രന്ഥങ്ങളോ ഔഷധനിർമ്മാണ രഹ സ്യങ്ങളോ പഠിക്കുന്നില്ല. മോഡേൺ മെഡിസിനെ അടിസ്ഥാനമാക്കിക്കൊ ണ്ടുള്ളതാണ് ഇന്നത്തെ പഠനരീതി. എന്നാൽ പാരമ്പര്യ പഠനത്തിൽ മനുഷ്യശരീരത്തെ ബാധിക്കുന്ന 4448 രോഗങ്ങളെയും അവയുടെ ചികിത്സക ളെയും കുറിച്ച് ആധികാരക താളിയോല ശാസ്ത്ര ഗ്രന്ഥങ്ങളിലൂടെ പഠി ക്കുന്നു. തലമുറകൾ കൈമാറി ലഭിക്കുന്ന മറ്റനേകം രഹസ്യ അറിവുകളും ഇവർക്ക് മാത്രം സ്വന്തമാണ്. ഹാർട്ട് ബ്ലോക്ക്, പക്ഷാഘാതം, ക്യാൻസർ,

സോറിയാസിസ് തുടങ്ങിയ അനേകം മാരകരോഗങ്ങൾക്ക് ചുരുങ്ങിയ ചെല വിലുള്ള ഔഷധസേവകൊണ്ട് മാത്രം പരിപൂർണ്ണ സുഖം പ്രാപിക്കുവാൻ കഴിയും. ഈവക കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഇവയെക്കുറിച്ച് പഠി ക്കാൻ കാര്യവട്ടം യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം മേധാവിയായിരുന്ന ശ്രീമതി ബിസ്മി ഗോപാലകൃഷ്ണൻ ചെയർമാനായി ഒരു തെളിവെടുപ്പ് കമ്മിറ്റി രൂപീകരിച്ചിട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപടികൾ സ്വീകരിച്ചു. ഈ റിപ്പോർട്ടിന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിവിധ ഒ.പി.കളിന്മേലുള്ള 02-11-1987-ലെ വിധിയുടെയും തിരു-കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ 18-06 -2008-ലെ എച്ച്.2013/08 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ കേരള ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സർക്കാർ ഉത്തരവ് (എം.എസ്.) നം. 145/09 04-06-2009-ാം തീയതിയായി സിദ്ധ വൈദ്യത്തിൽ അഞ്ച് വർഷത്തെ ഗുരുക ലപാരമ്പര്യ പഠനശേഷം ചികിത്സ നടത്തിവരുന്നവരെ 1953-ലെ മെഡിക്കൽ ആക്ട് സെക്ഷൻ 38(1) അനുസരിച്ച് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഇളവ് നൽകിക്കൊണ്ട് സർക്കാർ ഉത്തരവുണ്ടായി. എന്നാൽ ഈ ഉത്തരവ് നടപ്പാക്കുന്നതിനുള്ള തുടർ നടപടികളുണ്ടായിട്ടില്ല. കേരളത്തിൽ ആദ്യമായി ഒരു സിദ്ധ കോളേജ് ആരംഭിക്കുന്നത് ബഹുമാന പ്പെട്ട എ. കെ. ആന്റണി സർക്കാരിന്റെ ഭരണകാലത്താണ്. അതിനുമുമ്പ് കേരളത്തിലെ വ്യവസ്ഥാപിത പഠനകേന്ദ്രം സർക്കാർതലത്തിൽ ഇല്ലായി രുന്നു.

മി. സ്പീക്കർ: ശ്രീ. എ. റ്റി. ജോർജ്, ഒരു സബ്മിഷന് ഇത്രയും സമയ മെടുക്കാനില്ല.

ശ്രീ. എ. റ്റി. ജോർജ്: സർ, ഗുരുകുല സമ്പ്രദായപഠനരീതി മെച്ചപ്പെടുന്ന നിലയിൽ ആയതിനാൽ സിദ്ധ കോളേജ് സ്ഥാപിക്കുന്നതിനുമുമ്പ് പാരമ്പര്യ ഗുരുകുല രീതിയിൽ പഠിച്ച് ചികിത്സ നടത്തിക്കൊണ്ടിരുന്നവർക്ക് 04–06–2009 –ലെ 145/09–ാം നമ്പർ സർക്കാർ ഉത്തരവ് പുന:സ്ഥാപിച്ച് അഞ്ചാം ഖണ്ഡിക പ്രകാരം ഇളവനുവദിച്ച് ചികിത്സാ അംഗീകാരം നൽകണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, അംഗീകൃത വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ലാത്ത ഏതൊരാൾക്കും മെഡിക്കൽ പ്രാക്ടീഷണർ എന്ന നിലയിൽ പ്രവർത്തിക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ഇത് സംസ്ഥാനത്തെ പാരമ്പര്യ സിദ്ധ വൈദ്യന്മാർക്കും ബാധകമാണ്. കേരളത്തിൽ ആയുർവേദം, സിദ്ധ, മർമ്മ, ബാലചികിത്സ തുടങ്ങിയ ഏത് ചികിത്സയ്ക്കും ഭാരതീയ ചികിത്സാ രീതിയനുസരിച്ച് ഒരു ചികിത്സകൻ ആകുന്നതിന് ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ അനിവാര്യമാണ്. 1953–ലെ ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, സെക്ഷൻ 38 അനുശാസിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർക്ക് മാത്രമേ ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. മാത്രമല്ല, 1970–ലെ ഇൻഡ്യൻ മെഡിക്കൽ സെൻട്രൽ കൗൺസിൽ ആക്ട്, സെക്ഷൻ 17 പ്രകാരവും അനുശാസിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് അടങ്ങുന്ന രണ്ടംഗ ബഞ്ചിന്റെ 2003 ജനുവരി 8–ാം തീയതിയിലെ വിധിയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹ

ചര്യങ്ങൾ നിലനിൽക്കെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമത്തിലെ 38-ാം വകുപ്പ് പ്രകാരം തങ്ങളെ രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കണമെന്നും തങ്ങളുടെ ജീവിതമാർഗ്ഗം സംരക്ഷിക്കണമെന്നും കാണിച്ച് രജിസ്ട്രേഷനില്ലാത്ത പാരമ്പര്യ വൈദ്യന്മാരും അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരും ആവശ്യമുന്നയിച്ചതിന്റെയടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ 04-06-2009-ലെ ഉത്തരവ് പ്രകാരം 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, സെക്ഷൻ 38(1) അനുസരിച്ച് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവ് വരുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിന്റെ 03-07-2009-ലെ കത്തിൽ കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ 17-08-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 04-06-2009-ലെ സർക്കാർ ഉത്തരവ് തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിനുശേഷം 21-02-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചിത യോഗ്യതയുള്ള മലബാർ മേഖലയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാരും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്നുള്ള വ്യവസ്ഥയിൽ നിന്ന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഡബ്ല്യു.പി.(സി) നം. 6579/2011, 12533/2011 എന്നീ കേസുകളിലെ ഇടക്കാല ഉത്തരവിലൂടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് സ്റ്റേ നിലവിലുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് പാരമ്പര്യ സിദ്ധ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സിദ്ധ വൈദ്യന്മാർക്ക് ചികിത്സ നടത്തുന്നതി

നുള്ള അനുമതി നൽകണമെന്നുള്ള ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

## ജില്ലാ ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. അജിത് : സർ, വൈക്കം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയുടെ പരിധിയിലേയ്ക്ക് ഉയർത്തണമെന്നതാണ് എന്റെ സബ്മിഷൻ. 1880–ൽ വൈക്കത്ത് സർക്കാർ ആശുപത്രി സ്ഥാപിക്കുകയും ഏതാണ്ട് 6 ഏക്കറോളം സ്ഥലത്ത് ഇത് പ്രവർത്തനം നടത്തുകയും ചെയ്യുകയാണ്. കുമരകം, ചേർത്തല, എറണാകുളം ജില്ലയുടെ തെക്കൻ പ്രദേശങ്ങളിൽ പനി ഉൾപ്പെടെയുള്ള സീസണുകളിൽ 2000–ൽ അധികം രോഗികളാണ് അവിടുത്തെ ഒ.പി.–യിൽ വരാറുള്ളത്. സാധാരണ നിലയിൽ 1300–1500 രോഗികൾ വരെ ദിനംപ്രതി വരുന്നുണ്ട്. ഇപ്പോൾ അവിടെ 19 സ്ഥിരം ഡോക്ടർമാരും 4 താൽക്കാലിക ഡോക്ടർമാരും ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലഘട്ടത്തിൽ നടപ്പിലാക്കുന്ന കാഷ്വാലിറ്റി ബ്ലോക്ക്, തിയേറ്റർ, അമ്മയും കുഞ്ഞും ആശുപത്രിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് 32 കിലോമീറ്ററാണ്. സമാനമായ ദൂരം തന്നെയാണ് ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്കും എറണാകുളത്തെ സ്വകാര്യ ആശുപത്രികളിലേയ്ക്കുമുള്ളത്. ഇവിടെവച്ച് രോഗികൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചു കഴിഞ്ഞാൽ എത്തിപ്പെടാൻ സാധ്യതയില്ലാത്തതുകൊണ്ടും അവിടെ അത്യാധുനികമായ ചികിത്സാ സൗകര്യങ്ങളില്ലാത്തതുകൊണ്ടും നിരവധി രോഗികൾ

മരണമടയുകയാണ്. ആക്സിഡന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് എത്തുന്ന രോഗി വഴിമദ്ധ്യേ മരിക്കുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ പി.ഡബ്ല്യൂ.ഡി.യുടെ ബിൽഡിംഗ്സ് വിഭാഗം 8 നില കെട്ടിടത്തിന്റെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് വൈക്കത്തെ ഒരുപാട് രോഗികൾ ആശ്രയിക്കുന്ന ഈ താലൂക്ക് ആശുപത്രിയെ, കോട്ടയം ജില്ലാ ആശുപത്രിയെ ഇപ്പോൾ ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ജില്ലാ ആശുപത്രിയുടെ വേക്കൻസി കിടക്കുകയാണ്. ആ പരിധിയിൽ ഉയർത്തണമെന്നതാണ് എന്റെ സബ്മിഷൻ. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അതിനനുകൂലമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, 1893-ൽ സ്ഥാപിക്കപ്പെട്ട ആ മേഖലയിലെ ഒരു പ്രധാനപ്പെട്ട ആശുപത്രിയാണ് വൈക്കം താലൂക്ക് ആശുപത്രി. 272 കിടക്കകളുള്ള വൈക്കം താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ശരാശരി ഒ.പി. 1200-ഉം ഐ.പി. 150-ഉം ആണ്. അവിടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള പല പദ്ധതികളും നടന്നുകൊണ്ടിരിക്കുകയാണ്. മദർ ആന്റ് ചിൽഡ്രൻ വാർഡിന് 10 കോടി രൂപ, അതിന്റെ ടെണ്ടർ കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെത്തന്നെ ആരംഭിക്കുന്നതാണ്. കാഷ്വാലിറ്റി ബ്ലോക്കിൽ 2.50 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റേഡിയോളജി ഡിപ്പാർട്ടുമെന്റ്, അതുപോലെത്തന്നെ

1.50 കോടി രൂപയുടെ ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പുരോഗതിയിലാണ്. 23 ഡോക്ടർമാരുൾപ്പെടെ 157 തസ്തികകൾ അനുവദിച്ചു. ഇതിൽ 4 ഡോക്ടർമാരുടെ ഒഴിവുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേനയും പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ട്. വൈക്കം താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി യൂണിറ്റ് അനുവദിക്കുന്നതിന് ഒരു ഓർത്തോപീഡിസ്റ്റ് ഡോക്ടറുടെ നിയമനം നടത്തുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ കൂടി ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവിട്ട് നിർമ്മിക്കുന്ന ഡയഗ്നോസ്റ്റിക്സ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഈ ആശുപത്രിയോടു ചേർന്ന് നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഡബ്ല്യു. ആന്റ് സി-ക്കുവേണ്ടി 10 കോടി രൂപയുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വൈക്കം താലൂക്ക് ആശുപത്രി ഈ സാഹചര്യത്തിൽ ജില്ലാ ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനം സംബന്ധിച്ച് സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.